**പതിനാലാം കേരളനിയമസഭ**
**പത്താം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5736** | **28.03.2018-ൽ മറുപടിക്ക്** |
|---|---|

## പോലീസ് സേനയിലെ അമിതജോലിഭാരം

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പോലീസ് സേനയിലെ ജീവനക്കാർക്ക് അമിതജോലിഭാരം കാരണവും അവശ്യസർവ്വീസ് എന്നതിനാലും ആഘോഷവേളകളിലും കുടുംബത്തിലെ സ്വകാര്യ ചടങ്ങുകളിലും മറ്റ് അത്യാവശ്യ വേളകളിലും പലപ്പോഴും പങ്കെടുക്കാൻ കഴിയാറില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അവശ്യസർവ്വീസ് എന്ന വിഭാഗമായതിനാൽ ചട്ടപ്രകാരം അനുവദനീയമായ അവധി പോലും പലപ്പോഴും ലഭിയ്ക്കാത്തത് സേനാംഗങ്ങൾക്ക് മാനസിക സമ്മർദ്ദം സൃഷ്ടിക്കുകയും തൊഴിൽ സംതൃപ്തി കുറയ്ക്കുകയും ചെയ്യുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; | (ബി) | അവശ്യസർവ്വീസ് എന്ന വിഭാഗമായതിനാൽ ചട്ടപ്രകാരം അനുവദനീയമായ അവധി പോലും ലഭിക്കാത്തത് സേനാംഗങ്ങൾക്ക് മാനസിക സമ്മർദ്ദം സൃഷ്ടിക്കുകയും തൊഴിൽ സംതൃപ്തി കുറയ്ക്കുകയും ചെയ്യും എന്ന കാര്യം പരിഗണിച്ച് ഡ്യൂട്ടിക്ക് തടസ്സം വരാത്ത വിധത്തിൽ സേനാംഗങ്ങൾക്ക് ലീവും 6 ദിവസം തുടർച്ചയായി ജോലി ചെയ്യുമ്പോൾ ഒരു ദിവസം നിർബന്ധമായും ഓഫ് അനുവദിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളും ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പോലീസ് സേനാംഗങ്ങളുടെ ഇത്തരത്തിലുണ്ടാകുന്ന മാനസിക സംഘർഷങ്ങൾ പലപ്പോഴും ആത്മഹത്യയ്ക്കുവരെ ഇടയാക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുണ്ടാകുന്ന മാനസിക സംഘർഷം കുറയ്ക്കുന്നതിനും കുടുംബാംഗങ്ങളുമായി കൂടുതൽ സമയം ചെലവഴിക്കുന്നതിനും ആവശ്യമായ പരിഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ